**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2506** **21-01-2021 - ൽ മറുപടിയ്ക്ക്**

**പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പുതിയ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. നേരത്തെ അനുവദിച്ചിരുന്നവയിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പറമ്പിൽപീടിക കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുകയും ബോർഡ് ഇത് പരിശോധിക്കുകയും ചെയ്തിരുന്നു. പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ. ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ |

| | | | |
|---|---|---|---|
| | | | പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ പെരുവള്ളൂർ, പറമ്പിൽപീടിക കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി.യുടെ പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. നേരത്തെ അനുവദിച്ചിരുന്നവയിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പറമ്പിൽപീടിക കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുകയും ബോർഡ് ഇത് പരിശോധിക്കുകയും ചെയ്തിരുന്നു. പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ. ബി.എൽ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ഡി) | നിലവിൽ പ്രസ്തുത ആവശ്യങ്ങൾ സംബന്ധിച്ചുള്ള ഫയൽ ഏത് ഉദ്യോഗസ്ഥരുടെ കൈവശമാണുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ടി ആവശ്യം സംബന്ധിച്ച ഫയൽ വിതരണ വിഭാഗം ഡയറക്ടറുടെ കാര്യാലയത്തിലാണുള്ളത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

നേരത്തെ അനുവദിച്ചിരുന്നവയിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആരംഭിച്ച ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരങ്ങൾ.

| ക്രമ നമ്പർ | പ്രവർത്തനം ആരംഭിച്ച സെക്ഷൻ ഓഫീസിന്റെ പേര് | ഇല. സെക്ഷൻ ഉൾപ്പെടുന്ന ഇലക്ട്രിക്കൽ സർക്കിൾ | ഇല. സെക്ഷൻ ഉൾപ്പെടുന്ന ജില്ല | ഓഫീസ് അനുവദിച്ച തീയതി | ഓഫീസ് ആരംഭിച്ച തീയതി |
|---|---|---|---|---|---|
| 1 | റാന്നി പെരുനാട് | പത്തനംതിട്ട | പത്തനംതിട്ട | 24.02.2016 | 27.08.2016 |
| 2 | വള്ളികുന്നം | ഹരിപ്പാട് | ആലപ്പുഴ | 24.02.2016 | 11..08.2016 |
| 3 | മഞ്ഞള്ളൂർ | പെരുമ്പാവൂർ | എറണാകുളം | 24.02.2016 | 05.09.2016 |
| 4 | കോറോം | കൽപ്പറ്റ | വയനാട് | 24.02.2016 | 29.08.2016 |
| 5 | ചെറുപുഴ | ശ്രീകണ്ഠാപുരം | കണ്ണൂർ | 24.02.2016 | 06.08.2016 |
| 6 | നെല്ലിക്കുഴി | പെരുമ്പാവൂർ | എറണാകുളം | 24.02.2016 | 15.10.2016 |
| 7 | ആലക്കോട് | തൊടുപുഴ | ഇടുക്കി | 24.02.2016 | 22.10.2016 |
| 8 | പുഴക്കാട്ടിരി | മഞ്ചേരി | മലപ്പുറം | 24.02.2016 | 21.11.2017 |
| 9 | കാച്ചാണി | തിരുവനന്തപുരം | തിരുവനന്തപുരം | 24.02.2016 | 23.06.2017 |
| 10 | വെൺമണി | ഹരിപ്പാട് | ആലപ്പുഴ | 24.02.2016 | 29.03.2017 |
| 11 | ഉടുമ്പൻചോല | തൊടുപുഴ | ഇടുക്കി | 24.02.2016 | 15.01.2017 |
| 12 | എടത്തല | പെരുമ്പാവൂർ | എറണാകുളം | 24.02.2016 | 09.05.2016 |
| 13 | സീതംഗോളി | കാസർഗോഡ് | കാസർഗോഡ് | 24.02.2016 | 12.03.2017 |
| 14 | വാളയാർ | പാലക്കാട് | പാലക്കാട് | 24.02.2016 | 29.03.2017 |
| 15 | കുമ്പാറ | കോഴിക്കോട് | കോഴിക്കോട് | 24.02.2016 | 30.07.2016 |
| 16 | വിളയൂർ | ഷൊർണ്ണൂർ | പാലക്കാട് | 24.02.2016 | 02.12.2019 |
| 17 | പന്തളം തെക്കേക്കര | പത്തനംതിട്ട | പത്തനംതിട്ട | 17.03.2001 | 09.01.2020 |
| 18 | കയറാടി | പാലക്കാട് | പാലക്കാട് | 24.02.2016 | 29.07.2020 |
| 19 | മുണ്ടക്കുളം | മഞ്ചേരി | മലപ്പുറം | 24.02.2016 | 29.07.2020 |
| 20 | ലക്കിടി കൂട്ടുപാത | ഷൊർണ്ണൂർ | പാലക്കാട് | 24.02.2016 | 05.10.2020 |